# ACADEMIC MASTER PLAN

## GWLPS FEROKE

2025-2026

# ആമുഖം

സ്കൂളിലെ മുഴുവൻ കുട്ടികളെയും മികവിന്റെ പാതയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയാറാക്കിയിരിക്കുന്നത്. ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിന് അനുസൃതമായും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നതിനനുസരിച്ചും ഏറ്റവും മികവാർന്ന തരത്തിലേക്ക് എത്തിക്കാൻ ഈ അക്കാദമിക് പ്ലാൻ സഹായകരമാകും.

# പൊതുലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട അടിസ്ഥാനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നു.
- എഴുത്തും വായനയും എല്ലാവരിലും എത്തിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കൽ.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി വിപുലപ്പെടുത്തി കുട്ടികളിൽ വായനാശേഷി വികസിപ്പിക്കൽ.
- പ്രവൃത്തിപരിചയപരിശീലനത്തിന് പ്രാധാന്യം.
- IT പരിജ്ഞാനം ഓരോ കുട്ടിയിലും.
- ക്ലബ്ബ് പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പിക്കൽ.
- LSS പരീക്ഷയിൽ വിജയം.

# നിലവിലുള്ള അവസ്ഥാവിശകലനം

- കുട്ടികളുടെ എണ്ണം : 120
- അധ്യാപകരുടെ എണ്ണം : 7
- പി. ടി. സി. എം : 1
- ക്ലാസ് മുറികൾ : 7
- കമ്പ്യൂട്ടർ ലാബ് : ഇല്ല
- ലാപ്ടോപ്പ് : 5
- ഡെസ്ക്ടോപ്പ് : 1
- പ്രൊജക്റ്റർ : 4

## 2024 – 2025 അധ്യയന വർഷത്തിലെ അക്കാദമിക നേട്ടങ്ങൾ

- ശാസ്ത്രമേള കലാമേള കായികമേള – കളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്തു.
- ദിനാചരണങ്ങൾ വളരെ നന്നായി സംഘടിപ്പിച്ചു.
- രാവിലെ പ്രാർത്ഥനക്കുശേഷം മൈക്കിലൂടെ കഥാവായന (1 മുതൽ 5 വരെയുള്ള ക്ലാസുകളും പങ്കെടുത്തു).
- ദിവസം ഒരു ചോദ്യം ... വിജയിക്ക് സമ്മാനവും ഫോട്ടോ സ്കൂൾ വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിട്ടു.

- സമഗ്രഗുണമേന്മാ പദ്ധതിക്ക് തുടക്കമിട്ടു. പിന്നാക്കക്കാരെ കണ്ടെത്തി ഒരു ടീച്ചർക്ക് 3 കുട്ടികൾ എന്ന രീതിയിൽ പ്രത്യേക പരിശീലനം നൽകി. വളരെയേറെ മാറ്റം ഉണ്ടാക്കി. സ്വന്തമായി വായനയ്ക്ക് വരെ പ്രാപ്തരാക്കി. സിയാനൽ ഹാളിന്റെ മാറ്റം വളരെയേറെ ശ്രദ്ധിക്കപ്പെട്ടു
- പഠനോത്സവം വളരെ നന്നായി നടത്തി. ക്ലാസ്സും പ്രവർത്തനങ്ങളായ സ്കിറ്റ്, നാടകം, ദൃശ്യാവിഷ്കാരം എന്നിവ ഉൾപ്പെട്ടിരുന്നു. ഒന്നാം ക്ലാസിലെ 31 കുട്ടികളിൽ 30 പേരും സ്വന്തമായി വായിച്ചു. ഒരു കുട്ടി പ്രത്യേക പരിഗണന അർഹിക്കുന്ന ആളാണ്.
- 1, 2 ക്ലാസുകളിലെ സായുക്തഡയറി മികവുറ്റതായിരുന്നു.

## ഭൗതികനേട്ടങ്ങൾ

- സ്കൂൾ സൗന്ദര്യവത്ക്കരണം വളരെ നന്നായി നടന്നു. സ്കൂൾ ചുവരിൽ സാഹിത്യകാരന്മാരും അവരുടെ പുസ്തകങ്ങളും ആലേഖനം ചെയ്തു.
- മറ്റ് ചുവരുകളിൽ വളരെ ഭംഗിയുള്ള മറ്റ് ചിത്രങ്ങൾ
- 'ഔഷധമുറ്റം' എന്ന് പേരിട്ട ഔഷധത്തോട്ടം.
- നല്ലൊരു അടുക്കളത്തോട്ടം
- ചെറിയ പാർക്ക് സജ്ജീകരിച്ചു.
- കുടിവെള്ളത്തിന് വാട്ടർപ്യൂരിഫയർ.

## പരിമിതികൾ:

- കമ്പ്യൂട്ടർലാബിന്റെ അഭാവം IT പാഠപുസ്തകം വേണ്ടരീതിയിൽ വിനിമയത്തിന് തടസ്സം.
- കളിസ്ഥലം ഇല്ലാത്തതുകാരണം കായികമേള നടത്തുന്നതിനും വാർഷികപരിപാടികൾ നടത്തുന്നതിനും മറ്റ് സ്ഥലങ്ങളെ ആശ്രയിക്കേണ്ടി വരുന്നു.
- കുട്ടികളുടെ വീട്ടിലെ പഠനാന്തരീക്ഷം മെച്ചപ്പെടേണ്ടതുണ്ട്.

# ഗണിതം

## പ്രവർത്തനം : മെട്രിക് അളവുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| മെട്രിക് അളവുകളെക്കുറിച്ചുള്ള അറിവ് ഉറപ്പാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന പഴയതും പുതിയതുമായ അളവ് ഉപകരണങ്ങൾ ശേഖരിക്കുന്നു. ശില്പശാല നടത്തി അളവ് ഉപകരണങ്ങൾ ഉണ്ടാക്കുന്നു.... പ്രദർശിപ്പിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ. ശില്പശാല — ഒക്ടോബറിൽ. | ഗണിതാധ്യാപകർ ഗണിതക്ലബ്ബ്. |

## പ്രവർത്തനം : വിജ്ഞാനപ്പെട്ടി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിതത്തിൽ അഭിരുചി ഉണ്ടാക്കുക. | എല്ലാ തിങ്കളാഴ്ചയും ഗണിതവുമായി ബന്ധപ്പെട്ട ഒരു ചോദ്യം (പസിലുകൾ, കുസൃതിക്കണക്ക്, ഗണിതശാസ്ത്രജ്ഞന്റെ പേര്... ) ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. അതിന്റെ ഉത്തരം വെള്ളിയാഴ്ച വിജ്ഞാനപ്പെട്ടിയിൽ നിക്ഷേപിക്കുന്നു. വിജയികൾക്ക് സമ്മാനം അസംബ്ലിയിൽ. | ജൂൺ – ഫെബ്രുവരി | ഗണിതക്ലബ്ബ് |

## പ്രവർത്തനം : ഗണിതമാഗസിൻ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചിന്താശേഷി, സർഗാത്മകത, അഭിരുചി എന്നിവയ്ക്ക് വികാസം. | പാഠഭാഗങ്ങളുമായും ക്ലബ്ബിലെ പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടാവുന്നതുമായ വിവിധ ഉല്പന്നങ്ങൾ ചേർത്ത് ഗണിതമാഗസിൻ നിർമ്മാണം | ജൂൺ – ഒക്ടോബർ. | ഗണിതാധ്യാപകർ, ഗണിതക്ലബ്ബ് |

## പ്രവർത്തനം : ചതുഷ്ക്രിയകൾ ഉറപ്പാക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാനഗണിതക്രിയകൾ എല്ലാ കുട്ടികളും ഉറപ്പാക്കുക. | ഉല്ലാസഗണിതം, ഗണിതവിജയം, വർക്ക്ഷീറ്റുകൾ എന്നിവ ഉപയോഗപ്പെടുത്തി ഗണിതക്രിയകൾ ഉറപ്പിക്കൽ. ഓരോ ക്ലാസിന്റെയും നിലവാരത്തിനനുസരിച്ചുള്ള ഗണിതക്രിയകൾ ഓരോ കുട്ടിയും നേടിയിട്ടുണ്ടോ എന്ന് ഉറപ്പിക്കുന്നു. | ജനവരി–ഫെബ്രുവരി. | ഗണിതാധ്യാപകർ. |

## പ്രവർത്തനം : ഗണിതമാതൃകകൾ, ജ്യാമിതീയപാറ്റേൺ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിതം സർഗാത്മകതയിലൂടെ മധുരതരമാക്കൽ | ഗണിതശാസ്ത്രമേളയ്ക്കുള്ള മുന്നൊരുക്കം എന്ന ലക്ഷ്യത്തോടെ ഒരു ഏകദിനശില്പശാല. തുടർന്ന് എല്ലാ ദിവസവും പരിശീലനം. | ആഗസ്റ്റ് | ഗണിതക്ലബ്ബ് |

# ഇംഗ്ലീഷ്

## പ്രവർത്തനം : പാഠങ്ങൾ, കവിതകൾ, കഥകൾ – വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ഇംഗ്ലീഷ് വായന അനായാസമാക്കുന്നതിന്. | ഓരോ കുട്ടിയും നിലവാരത്തിനനുസരിച്ച് (1 മുതൽ 5 വരെ ക്ലാസ്സുകൾ) പരിചിതമായ പാഠങ്ങൾ, കവിതകൾ, കഥകൾ എന്നിവ ശേഖരിക്കുന്നു. ആഴ്ചയിൽ 2 ദിവസം ഓരോ ക്ലാസ്സിലെയും കുട്ടികൾ സ്വന്തമായും പരസ്പരം കൈമാറിയും ഉച്ചത്തിൽ വായിക്കുന്നു. | ജൂലായ് – ഫെബ്രുവരി | ക്ലാസ് ടീച്ചർ |

## പ്രവർത്തനം : ബുള്ളറ്റിൻ ബോർഡിൽ പ്രദർശനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മകരചന നടത്തുന്നതിനുള്ള ശേഷി. | ഇംഗ്ലീഷിലെ Discourse – Description, Adding more lines ഇടങ്ങിയവ കുട്ടികൾ എഴുതിയത് ബോർഡിൽ പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് |

## പ്രവർത്തനം : കൈയ്യക്ഷരം മെച്ചപ്പെടുത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് എഴുതുന്നതിലുള്ള പ്രാവീണ്യം. | ഒരു Paragraph എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ. Capital letter, Punctuation തുടങ്ങിയ കാര്യങ്ങൾ. കൂടാതെ Cursive Writing ശീലിപ്പിക്കൽ. | July – August | ക്ലാസ്ടീച്ചർ ഇംഗ്ലീഷ്ക്ലബ്ബ് |

## പ്രവർത്തനം : ഇംഗ്ലീഷ് അസംബ്ലി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് എഴുതാനും വായിക്കാനുമുള്ള കഴിവ് വികസിപ്പിക്കൽ. | ബുധനാഴ്ച അസംബ്ലി നടത്തുന്നു. അവതരണവും പരിപാടികളും ഇംഗ്ലീഷിൽ. എഴുത്തുകാരെയും പരിചയപ്പെടുത്തുന്നു. | August – February | HM English Club |

# മലയാളം

## പ്രവർത്തനം : എഴുത്തും വായനയും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാപര വായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | പ്രീ-ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തുന്നു. പിന്നാക്കക്കാർക്ക് അക്ഷരകാർഡ് വായന, കഥ പറയൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ അക്ഷരം, ചിഹ്നം, ഭാഷണം എന്നിവ ഉറപ്പിക്കുന്നു. വായനാകാർഡുകൾ നൽകി ഉച്ചത്തിൽ വായന ശീലിപ്പിക്കുന്നു. | ജൂൺ — ഫെബ്രുവരി | ക്ലാസ് ടീച്ചർ |

## പ്രവർത്തനം : സർഗാത്മകരചനകൾ — പതിപ്പ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| സർഗാത്മക രചനകളിലൂടെ ആത്മവിശ്വാസം വർദ്ധിപ്പിക്കൽ | ക്ലാസിൽ നടക്കുന്ന പഠനപ്രവർത്തനങ്ങളുടെ ഉല്പന്നങ്ങൾ ശേഖരിച്ച് (1 മുതൽ 5 വരെ ക്ലാസുകളുടെ) അത് വർഷാവസാനം ഒരു സ്കൂൾ മാഗസിനായി പ്രസിദ്ധീകരിക്കുന്നു. | ജൂൺ — ഫെബ്രുവരി | ക്ലാസ് ടീച്ചർ SRG കൺവീനർ |

## പ്രവർത്തനം : വായനക്കൂട്ടം രൂപീകരിക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളെ വികച്ച വായനക്കാരാക്കുക. | 2 മുതൽ 5 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളെ ഉൾപ്പെടുത്തി വായനക്കൂട്ടം രൂപീകരിക്കുന്നു. താൽപ്പര്യമുള്ള പുസ്തകം വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കുന്നു. വായനക്കൂട്ടം ആഴ്ചയിൽ ഒരു ദിവസം ഒത്തുചേരുന്നു. വായനക്കുറിപ്പ് അവതരിപ്പിക്കുന്നു. | ജൂലായ് — ഫെബ്രുവരി | വിദ്യാരംഗം. |

## പ്രവർത്തനം : ഗ്രന്ഥശാലാ ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ക്ലാസ് ലൈബ്രറി സമ്പുഷ്ടമാക്കൽ | ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു. പിറന്നാളിന് ഒരു പുസ്തകം സ്കൂളിന് എന്ന പരിപാടി ആരംഭിക്കുന്നു. കൂടാതെ വിവിധ സാഹിത്യകാരന്മാരുടെ ചിത്രങ്ങളെല്ലാം പ്രദർശിപ്പിച്ചുകൊണ്ട് ഒരു വായനാമുറിയും സജ്ജീകരിക്കുന്നു. | ജൂലായ് — ഫെബ്രുവരി | ക്ലാസ് ടീച്ചർ വിദ്യാരംഗം |

# ശാസ്ത്രം

പ്രവർത്തനം : ലഘുപരീക്ഷണങ്ങൾ, മാഗസിൻ, ക്വിസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. | ആഴ്ചയിലൊരിക്കൽ ശാസ്ത്രക്ലബ്ബ് മീറ്റിംഗ് — ലഘുപരീക്ഷണങ്ങൾ കാണിക്കുന്നു. കണ്ട പരീക്ഷണത്തിന്റെ കുറിപ്പ് തയാറാക്കുന്നു. കുറിപ്പുകൾ ചേർത്ത് ഒരു മാഗസിൻ തയാറാക്കുന്നു. വിവിധ ശാസ്ത്രജ്ഞരുടെ ഫോട്ടോ ശേഖരിക്കുന്നു. കുറിപ്പ് തയാറാക്കി അതും മാഗസിനിൽ ഉൾപ്പെടുത്തുന്നു.<br>ശാസ്ത്രവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ എല്ലാ ആഴ്ചയിലും നൽകുന്നു ... അതിനെ അടിസ്ഥാനപ്പെടുത്തി മാസത്തിലും ക്വിസ്. | ജൂലായ് — ഫെബ്രുവരി | ശാസ്ത്രക്ലബ്ബ്. |

## പ്രവർത്തനം : എഴുത്തുത്സവം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| തെറ്റില്ലാതെ അനായാസം അറബി എഴുത്തിനുള്ള ശേഷി നേടൽ. | പതിപ്പുകളുടെ നിർമ്മാണം, ചുമർ പത്രിക, പോസ്റ്ററുകൾ (ദിനാചരണങ്ങളോട് സമ്പന്ധിച്ച്) തുടങ്ങിയവയുടെ നിർമ്മാണം. അക്ഷരക്കാർഡുകളും പദക്കാർഡുകളും നിർമ്മിക്കുന്നു. പിന്നാക്കക്കാർക്ക് പ്രത്യേക പരിശീലനം. ദിനാചരണങ്ങളിൽ അറബിക് ക്വിസ്. | ജൂൺ — ഫെബ്രുവരി. | അറബിക് - അധ്യാപിക. |

## പ്രവർത്തനം : അറബിക് അസംബ്ലി.

| | | | |
|---|---|---|---|
| ഫലപ്രദമായി അറബി എഴുത്ത്, വായിക്കൽ, സംസാരിക്കൽ. | അറബി പ്രതിജ്ഞ, ചിന്താവിഷയം, നിർദേശങ്ങൾ, കവിത, കഥ തുടങ്ങിയ പരിപാടികളോടെ അറബിക് അസംബ്ലി. ഓരോ ക്ലാസ്സിലെ കുട്ടികൾക്കും മാറിമാറി ചുമതല. | മാസത്തിൽ ഒന്ന് | അറബിക് അധ്യാപിക |

# സാമൂഹ്യശാസ്ത്രം.

**പ്രവർത്തനം : സ്കൂൾ പാർലിമെന്റ് തെരഞ്ഞെടുപ്പ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ തെരഞ്ഞെടുക്കൽ. | പ്രകടനപത്രിക പ്രചാരണം, ബാലറ്റ് പേപ്പർവെച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരിക്കൽ. | ജൂലായ് — രണ്ടാംമത്തെ ആഴ്ച | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. |

**പ്രവർത്തനം : പൊതുവിജ്ഞാനക്വിസ്.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അറിവ് വികസിപ്പിക്കൽ. | വാർത്താബോർഡിൽ ചോദ്യങ്ങൾ നൽകുന്നു. കുട്ടികൾ ഉത്തരങ്ങൾ കണ്ടെത്തി വരുന്നു. ക്ലാസ് ടീച്ചർ വിലയിരുത്തുന്നു. ദിനാചരണങ്ങളോടനുബന്ധിച്ച് ക്വിസ് നടത്തി വിജയികൾക്ക് സ്വാതന്ത്ര്യദിനത്തിനോ വാർഷികത്തിനോ സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. |

പ്രവർത്തനം : പ്രവൃത്തിപരിചയമേള.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
| --- | --- | --- | --- |
| നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക. | ഫാബ്രിക് പെയിന്റിംഗ്, പാഴ്‌വസ്തുക്കളിൽ നിന്ന് ഉൽപ്പന്നങ്ങൾ, മുത്തുകൊണ്ടുള്ള നിർമ്മാണം തുടങ്ങിയവയ്ക്ക് പരിശീലനം. പ്രവൃത്തിപരിചയമേള നടത്തുന്നു. | ആഗസ്റ്റ് | WE ടീച്ചർ. |
| | | | |

# പത്രക്വിസ്

**ലക്ഷ്യം:** · കുട്ടികളിൽ പത്രവായന ഒരു ശീലമാക്കി മാറ്റുക.

· പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക.

**കാലയളവ്:** ജൂൺ മുതൽ ഫെബ്രുവരി വരെ.

**പ്രവർത്തനക്രമം:**

- ഓരോ ദിവസത്തെയും പത്രത്തിൽ വരുന്ന ഒരു പ്രധാനപ്പെട്ട കാര്യത്തെക്കുറിച്ചുള്ള ചോദ്യം നോട്ടീസ് ബോർഡിൽ എഴുതിയിടുന്നു.
- കുട്ടികൾ ഒരു നോട്ടുബുക്കിൽ ചോദ്യം എഴുതിയെടുക്കുന്നു.
- ഉത്തരം ഒരു പേപ്പറിൽ എഴുതി അതിനായി വെച്ചിരിക്കുന്ന പെട്ടിയിൽ നിക്ഷേപിക്കുന്നു.
- ശരിയുത്തരം എഴുതിയവരിൽ നിന്നും ഒരു വിജയിയെ നറുക്കെടുപ്പിലൂടെ കണ്ടെത്തുന്നു.
- ഓരോ ടേമിലും ഈ ചോദ്യങ്ങൾ വെച്ച് ഒരു മെഗാക്വിസ്.